

THURSDAY 18-05-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/05/2023.

1. കൃഷി ആവശ്യങ്ങൾക്കായി കർഷകർക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും സബ്സിഡി നിരക്കിൽ ഡ്രോണുകൾ വാങ്ങാം. ഇതിനായി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (DGCA) റിമോട്ട് പൈലറ്റ് ലൈസൻസ് കരസ്ഥമാക്കിയിരിക്കണം. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് അപേക്ഷകർ ലൈസൻസും പരിശീലനവും പൂർത്തിയാക്കേണ്ടതാണ്. വ്യക്തിഗത കർഷകർക്ക് സംസ്ഥാന കൃഷിവകുപ്പിൻറെ കാർഷിക യന്ത്രവത്കരണ ഉപപദ്ധതി (SMAM) യിലൂടെ സബ്സിഡി നിരക്കിൽ ഡ്രോണുകൾ വാങ്ങാം. അപേക്ഷിക്കുന്നതിനായി http://agrimachinery.nic.in എന്ന വെബ്സൈറ്റിൽ കർഷകർ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. 40-50 ശതമാനം വരെയാണ് സബ്സിഡി. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്ക് (FPOs) ഡ്രോണുകൾ വാങ്ങുന്നതിനായി അതാത് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. FPO കൾക്ക് 75 ശതമാനം വരെ സബ്സിഡി ലഭിക്കും. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്വറിൽ (SOP) പറയുന്ന മരുന്നുകൾ മാത്രമാണ് തളിക്കുവാൻ അനുവാദമുള്ളത്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"കൂൺകൃഷി ആരോഗ്യത്തിനും ആദായത്തിനും"** എന്ന വിഷയത്തിൽ മെയ് 26 ന് കമ്മ്യൂണികേഷൻ സെൻറർ ,മണ്ണുത്തിയിൽ വെച്ച് പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കർഷകർക്ക് ആദായകരമായ രീതിയിൽ എങ്ങനെ ശാസ്ത്രീയമായി കൂൺ കൃഷി ചെയ്യാം എന്നതിനെപ്പറ്റി വിദഗ്ധ ഉപദേശവും സാങ്കേതിക പരിശീലനവും നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 300/രൂപ. പങ്കെടുക്കാൻ താൽപര്യമുള്ള മെയ് 23 നു മുമ്പായി 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

3. ജൂൺ 1 ലോക ക്ഷീര ദിനാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ട അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീര സംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി രാവിലെ 10 മണി മുതൽ ഉപന്യാസ രചന, ചിത്രരചന, ഡയറി ക്വിസ് എന്നീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള ഹൈസ്കൂർ വിദ്യാർത്ഥികൾ മെയ് 20ന് വൈകിട്ട് 5 മണിക്ക് മുൻപായി 9447479807, 9495390436 എന്നീ ഫോൺ നമ്പറുകളിലോ dedcadoor@gmail.comഎന്ന ഈമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിൽ ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി പരിശീലനം ഇന്ന് (18.05.2023) രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് 500 രൂപ ഫീസ് അടയ്ക്കേണ്ടതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0479-2959268, 9447790268 എന്നീ ഫോൺ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

5. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ടപിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

7. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അഗ്രോ സൂപ്പർ ബസാറിൽ' തെങ്ങിന്റെ കുള്ളൻ ഇനങ്ങളായ മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് എത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471-2471343, 2471346 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**8.** ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് മെയ് 19 ന് തീയതി **"പാലും പരിശുദ്ധിയും കർഷകർ അറിയേണ്ടതെല്ലാം"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്നു വൈകിട്ട് 5 മണിയ്ക്കു മുമ്പായി നേരിട്ടോ, 0471- 2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 2440911 മേൽവിലാസം: ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം – 695004. ഇമെയിൽ ഐ ഡി: principaldtctvm@gmail.com പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ijq-mmgh-kse

**കാർഷിക നിർദ്ദേശങ്ങൾ**

തെങ്ങിനെ കൊമ്പൻ ചെല്ലി ആക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളുകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു.

തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം